# വയനാട് പ്രകൃതി സംരക്ഷണ സമിതി

## പി.ഒ. സുൽത്താൻ ബത്തേരി, വയനാട് ജില്ല

From,

എൻ. ബാദുഷ
പ്രസിഡന്റ്
വയനാട് പ്രകൃതി സംരക്ഷണ സമിതി

To

**ബഹു. കേരള മുഖ്യമന്ത്രി**
**ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.**

വിഷയം : വയനാട് ജില്ലയിലെ പൂക്കോട് വെറ്ററനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കൈവശമുള്ള ആദിവാസി - വനഭൂമിയിലെ നിയമവിരുദ്ധ കെട്ടിട നിർമ്മാണം.

സർ,

അടിമ വേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട കാട്ടുനായ്ക്ക - അടിയ - പണിയ വിഭാഗങ്ങളിൽപെട്ട ആദിവാസികളുടെ ഉന്നമനത്തിനായി 1973-ൽ രൂപീകൃതമായ പൂക്കോട് കളക്ടീവ് ഡയറി ഫാം പ്രോജക്ടിനുവേണ്ടി സംസ്ഥാന സർക്കാർ നൽകിയ 531.1675 ഹെക്ടർ ഭൂമിയിൽ നിന്നും 1998 ൽ സംസ്ഥാന സർക്കാർ ഉത്തരവനുസരിച്ച് 100 ഏക്കർ വെറ്ററനറി കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി കൃഷിവകുപ്പിന് റവന്യൂ വകുപ്പ് കൈമാറ്റുകയുണ്ടായി. 1971-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസ്സൈമെന്റ്) ആക്ട് അനുസരിച്ച് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യപ്പെട്ട ഈ ഭൂമി ആദിവാസികളുടെ ഉന്നമനത്തിനായി മാത്രം പരിമിതപ്പെടുത്തി നൽകപ്പെട്ടതും റിസർവ്വ് വനമെന്ന പദവി നിലനിർത്തിയിട്ടുള്ളതും വനഭൂമിയല്ലാതാക്കി വിജ്ഞാപനം ഇറക്കാത്തതും വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ഉള്ളതുമായ റിസർവ്വു വനവുമാകുന്നു. ഇങ്ങനെ വനഭൂമി യൂണിവേഴ്സിറ്റിയ്ക്ക് കൈമാറിയത് 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ നഗ്നമായ ലംഘനമാണ്. പ്രസ്തുത ആക്ട് അനുസരിച്ച് കേന്ദ്ര സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ വനഭൂമി വനേതര ആവശ്യത്തിന് നൽകാൻ പാടുള്ളതല്ല.

2001 ൽ കേരള സർക്കാർ പൂക്കോട് ഡയറി ഫാം പിരിച്ച് വിട്ട് ഭൂമി ആദിവാസികൾക്ക് പതിച്ചു നൽകുവാനും വിദഗ്ധമായ നിയമോപദേശം തേടുവാനും നിശ്ചയിച്ചു. പൂക്കോട് ഡയറിഫാമിന്റെ ഭൂമി ആകെ വനഭൂമിയാണെന്നും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അതു പതിച്ചു നൽകുന്നത് നിയമലംഘനം മാത്രമല്ല കുറ്റിക്കാരായ ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടുമെന്നും അന്നത്തെ അഡ്വക്കേറ്റ് ജനറൽ രത്നസിംഗ് നിയമോപദേശം നൽകുകയുണ്ടായി. കേരള ഹൈക്കോടതിയുടെ ഒന്നിലധികം വിധികൾ

പൂക്കോട് ഡയറി പ്രോജക്ട് ഭൂമിയിൽ കേന്ദ്ര സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ വനേതര പ്രവർത്തികൾ നടത്തരുതെന്ന് ഉത്തരവിട്ടിട്ടുണ്ട്.

2003 ൽ മുൻകൂർ അനമതിക്കായി കേരള വനം വകുപ്പുനൽകിയ അപേക്ഷയിൽ വെറ്ററനറി യൂണിവേഴ്സിറ്റിക്ക് നൽകിയ സ്ഥലം ഉൾപ്പെടെ ആദിവാസികൾക്ക് പതിച്ചു നൽകുന്നതിന് അനുമതി തേടുകയും അതു സമ്പാദിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രിംകോടതിയിൽ നിന്നും എൻ.പി.വി. യും (നെറ്റ് പ്രസന്റ് വാല്യൂ) കോംപൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ടും ആദിവാസിയുടെ പേരിൽ ഇളവു സമ്പാദിക്കുകയും ചെയ്തു. ആദിവാസികൾക്ക് പതിച്ചു നൽകാനാണ് ഇതെന്ന് സുപ്രീംകോടതിയും, മരം മുറിക്കരുതെ്ന ഉൾപ്പെടെയുള്ള നിബന്ധനകൾ കേന്ദ്രസർക്കാരും വച്ചിട്ടുണ്ട്.

ഏതുവിധത്തിൽ പരിശോധിച്ചാലും പൂക്കോട് ഭൂമി റിസർവ്വ് വനവും ആദിവാസികൾക്ക് മാത്രം അർഹതപ്പെട്ടതുമാകുന്നു. ഈ പ്രദേശ്ത്ത് യാതൊരു നിർമ്മാണ പ്രവർത്തനവും വനേതര പ്രവർത്തനവും നടത്താൻ പാടുള്ളതല്ല.

ഭൂരഹിതരായ ആദിവാസികൾ കേരളമാകെ സമരത്തിലാണ്. വയനാട്ടിലാകട്ടെ കഴിഞ്ഞ മൂന്നു വർഷത്തിത്തിന്നിടെ സൗത്ത് വയനാട്, നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനുകളിലായി ആയിരക്കണക്കിനേക്കർ വനഭൂമി വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ ആദിവാസികൾ കൈയേറി കൈവശം വച്ചു വരികയാണ്.

ഇങ്ങനെയുള്ള സാഹചര്യത്തിൽ ആദിവാസികൾക്കർഹതപ്പെട്ട വനഭൂമി സർക്കാർ തന്നെ നിയമവിരുദ്ധമായി കൈവശം വയ്ക്കുകയും ഭൂരഹിതരായ ആദിവാസികൾ മറ്റു വനഭൂമി കൈയേറുന്ന സാഹചര്യം ഒരുക്കുകയും ചെയ്യുന്ന അവസ്ഥ സർക്കാർ അവസാനിപ്പിക്കണം.

വെറ്ററനറി യൂണിവേഴ്സിറ്റിയുടെ കൈവശമുള്ള സ്ഥലം അതീവ പരിസ്ഥിതി പ്രാധാന്യമുള്ളതും കബനിയുടെ പ്രഭവകേന്ദ്രവും ചുരത്തിന്റെ നെറുകയിൽ സ്ഥിതിചെയ്യുന്നതുമാകുന്നു. അവിടെ കുന്നുകൾ ഇടിച്ചു നിരത്തിയും ചതപ്പുകൾ നികത്തിയും ചോലക്കാടുകൾ നശിപ്പിച്ചും നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണം കേരള ഹൈക്കോടതിയും നാഷണൽ ഗ്രീൻട്രിബ്യൂണലും തടഞ്ഞിരിക്കുകയാണ്. പ്രസ്തുത ഭൂമി ഇടനടി വീണ്ടെടുത്ത് ആദിവാസികൾക്ക് പതിച്ചു നൽകുകയോ വനഭൂമിയായി സംരക്ഷിക്കുകയോ ചെയ്യാനുള്ള നടപടികൾ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

എൻ. ബാദുഷ
(പ്രസിഡന്റ്)
വയനാട് പ്രകൃതി സംരക്ഷണ സമിതി

തിരുവനന്തപുരം,
28.1.2015